# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – * 179 14.08.2017- ൽ മറുപടിയ്ക്ക്

### സൗദി അറേബ്യയിലെ സ്വദേശി വൽക്കരണം മൂലമുള്ള തൊഴിൽ നഷ്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എ. പി. അനിൽകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | സൗദി അറേബ്യയിൽ ഷോപ്പിംഗ് മാളുകളിൽ ഈ വർഷം സെപ്റ്റംബർ മുതൽ സ്വദേശിവൽക്കരണം നടപ്പിലാക്കുവാൻ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സൗദി അറേബ്യയിലെ ഷോപ്പിംഗ് മാളുകളിൽ സ്വദേശിവൽക്കരണം നടപ്പിലാക്കുന്ന കാര്യം മാദ്ധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതു മൂലം എത്ര മലയാളികൾക്ക് തൊഴിൽ നഷ്ടപ്പെടും എന്ന് കണക്കാക്കിയിട്ടുണ്ടോ ; | ബി) | കൃത്യമായ കണക്ക് ലഭ്യമായിട്ടില്ല. |
| സി) | തൊഴിൽ രഹിതരാകുന്ന മലയാളികളെ സഹായിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ ? | സി) | തൊഴിൽ രഹിതരാകുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). |

(മറുപുറം)

തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നല്കുകയും മൂലധന സബ്സിഡി നല്കുകയും ചെയ്യുക.

2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുക.

3. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

സെക്ഷൻ ഓഫീസർ